# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

(സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ)

(ഹാജർ ശ്രീമതി.അനുപമ.റ്റി.വി.ഐ.എ.എസ്. വനിത ശിശു വികസന ഡയറക്ടർ & മെമ്പർ സെക്രട്ടറി,SCPS)

വിഷയം : വനിത ശിശു വികസന വകുപ്പ്- ഐ.സി.പി.എസ് - ഓ.ആർ.സി - കോട്ടയം ജില്ലയിലെ പ്രോജക്ട് അസിസ്റ്റന്റിന്റെ 2021 ഫെബ്രുവരി മാസത്തെ വേതനം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: (1) സ.ഉ.(അച്ചടി) നം.29/2021 ധന. തീയതി 11/02/2021

(2) 19.06.2020 ലെ സർക്കാർ ഉത്തരവ് നമ്പർ. G.O.(Rt) No.241/2020/SJD

(3) 02.11.2020 ലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്.

(4) 03.03.2021 ലെ കോട്ടയം ഡി.സി.പി.ഒ. യുടെ കത്ത് നം.ഡി.സി.പി.യു(കെ)/1616/2020

## ഉത്തരവ് നമ്പർ ICPS 4(C)/1196(2)/20 തീയതി : 09.03.2021

സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായ ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർ.സി.) പദ്ധതിയുടെ ഭാഗമായി ജില്ലാ ഓഫീസിൽ കരാർ വ്യവസ്ഥയിൽ സേവനമനുഷ്ടിക്കുന്ന പ്രോജക്ട് അസിസ്റ്റന്റുമാർക്ക് പ്രതിമാസം 22,290/- രൂപ നിരക്കിൽ വേതനം വർദ്ധിപ്പിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. സൂചന (2) പ്രകാരം ഓ.ആർ.സിക്ക് 2020-21 സാമ്പത്തിക വർഷത്തിൽ ഫണ്ട് വിനിയോഗിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്. പരാമർശം (3) പ്രകാരം 2021 ഫെബ്രുവരി മാസം വരെയുള്ള വേതനം അനുവദിച്ച് ഉത്തരവായിരുന്നു. പരാമർശം (4) പ്രകാരം കോട്ടയം ജില്ലാ ശിശു സംരക്ഷണ ഓഫീസർ 2021 ഫെബ്രുവരി മാസത്തെ കുറവുള്ള വേതനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ അനുവദിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രവും സമർപ്പിച്ചിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ പ്രോജക്ട് അസിസ്റ്റന്റിനു 2021 ഫെബ്രുവരി മാസത്തെ വേതനമായി നീക്കിയിരിപ്പുള്ള തുകയായ **21,850/-** രൂപ കിഴിച്ച് 2021 ഫെബ്രുവരി മാസത്തെ വേതനമായി ആകെ 440/- (നാന്നൂറ്റി നാൽപത് രൂപ മാത്രം) ചുവടെ ചേർക്കും പ്രകാരം തുക അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | അനുവദിക്കേണ്ട ജില്ല | അനുവദിക്കേണ്ട തുക |
|---|---|---|
| 1 | ജില്ലാ വനിത ശിശു വികസന ഓഫീസർ, കോട്ടയം | 440/- |
| | ആകെ തുക | **440/-** |

മേൽപട്ടിക പ്രകാരമുള്ള തുക ഓ.ആർ.സി യുടെ ശീർഷകമായ **2235 – 02 – 102 - 36 (P) 01** ലെ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് എന്ന കംപോണന്റിൽ നിന്നും ആകെ **440/-** ( **നാന്നൂറ്റി നാൽപത് രൂപ മാത്രം)** ജില്ലാ വനിത ശിശു വികസന ഓഫീസർ മുഖാന്തിരം ടി തുക കോട്ടയം ഡി.സി.പി.ഒ. യ്ക്ക് അലോട്ട്മെന്റായി അനുവദിക്കേണ്ടതാണ്.

ബന്ധപ്പെട്ട കോട്ടയം ജില്ലാ ശിശു സംരക്ഷണ ഓഫീസർ ജില്ലയിലെ ഓ.ആർ.സി. പ്രോജക്ട് അസിസ്റ്റന്റിന് വേതനം അനുവദിക്കേണ്ടതും ടി തുകയുടെ കൈപ്പറ്റ് രസീത്, എക്സ്പെൻഡിച്ചർ സ്റ്റേറ്റമെന്റ്, ധനവിനിയോഗ സർട്ടിഫിക്കറ്റ് തുടങ്ങിയവ ഇക്കാര്യാലയത്തിലേയ്ക്ക് അയച്ചു തരേണ്ടതുമാണ്.

**(ഒപ്പ്)**
**വനിത ശിശു വികസന വകുപ്പ് ഡയറക്ടർ**
**& മെമ്പർ സെക്രട്ടറി,SCPS**

പകർപ്പ്:

1. **ജില്ലാ വനിത ശിശു വികസന ഓഫീസമാർ (കോട്ടയം)**
2. **ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ (കോട്ടയം)**
3. **സൂപ്രണ്ട് എ സെഷൻ, വനിത ശിശു വികസന ഡയറക്ടറേറ്റ്,**
4. **ICPS 4**
5. **സ്റ്റോക്ക്ഫയൽ**

OFFICE OF THE INTEGRATED CHILD PROTECTION
THIRUVANANTHAPURAM- 12
WOMEN & CHILD DEVELOPMENT DEPARTMENT

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**